പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4677 22-3-2018-ൽ മറുപടിക്ക്**

**ഇ-വേ ബിൽ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| | അന്തർ സംസ്ഥാന ചെക്ക് പോസ്റ്റുകളിൽ നികുതി പിരിവ് അവസാനിപ്പിക്കുകയും, ഇ-വേ ബിൽ പദ്ധതി നടപ്പാക്കാതിരിക്കുകയും ചെയ്യുന്നത് മൂലം ഗണ്യമായ രീതിയിൽ നികുതി ചോർച്ച സംഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്ന/ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കും എന്ന ധാരണയിലാണ് കേരളമുൾപ്പെടെ യുള്ളസംസ്ഥാനങ്ങൾ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കിക്കൊണ്ടുള്ള നിയമം നടപ്പിലാക്കിയത്. ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ കേരളം ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്ത ശേഷം സ്വന്തമായി കേരളസംസ്ഥാന ചരക്കുസേവനനികുതി ചട്ടം 138 പ്രകാരം അന്തർസംസ്ഥാന ചരക്കുനീക്കത്തിന് മൂന്ന് വിഭാഗങ്ങളിലായി KER1, KER2, KER3 ഫോമുകൾ നിർബന്ധമാക്കി. ഇതിനെതിരായി പല കേസുകളും ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. അന്തർസംസ്ഥാന ചരക്കുനീക്കം IGST നിയമപ്രകാരം ആയതിനാൽ സംസ്ഥാനത്തിന് പ്രത്യേകമായി ഫോമുകൾ നിഷ്കർഷിക്കാൻ അവകാശമില്ല എന്ന കാരണത്താൽ KER |

| | | |
|---|---|---|
| | | ഫോമുകൾ നിർബന്ധമാക്കുന്നതിനെതിരായി കോടതി വിധികളുണ്ടായി. ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധി വരെ നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ടെന്ന് അനുമാനിക്കുന്നു.<br>ഇ-വേ ബിൽ നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായതിലുള്ള കടുത്ത ആശങ്ക കേരളത്തെപോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിച്ചതിനെത്തുടർന്ന് 01-02-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ടായിരുന്നു. എന്നാൽ ഇ- വേ ബില്ലിന്റെ സോഫ്റ്റ് വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കികൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2 ന് പുറപ്പെടുവിച്ചു. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്കു കഴിയും. ഇത് ഒരു പരിധി വരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. |

| | | | |
|---|---|---|---|
| | | | ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പ വരുത്തുന്നതിനായി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്ക ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്.<br><br>10.03.2018 ൽ അവസാനമായി നടന്ന ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ അന്തർസംസ്ഥാന ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് ഏപ്രിൽ 15 നകവും ഇ-വേ ബിൽ നിർബന്ധമാക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**